# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :999.

**30-09-2016 ൽ മറുപടിയ്ക്ക്**

## നെൽകൃഷി വികസനം

**ചോദ്യം**
ശ്രീ.കെ.കുഞ്ഞിരാമൻ
ശ്രീമതി യു. പ്രതിഭ ഹരി
ശ്രീ.കെ.വി.വിജയദാസ്
ശ്രീ.കെ.ഡി. പ്രസേനൻ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നെൽ കർഷകർ നേരിടുന്ന പ്രതിസന്ധികൾ എന്തെല്ലാമെന്ന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് പ്രസിദ്ധീകരിക്കുമോ; | (എ) | പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | നെൽകൃഷി വികസനത്തിനായി ആവിഷ്കരിക്കാനുദ്ദേശിക്കുന്ന നൂതന പദ്ധതികളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | 1192 ചിങ്ങം 1 മുതൽ 1193 ചിങ്ങം 1 വരെ ഒരു വർഷക്കാലം സംസ്ഥാന സർക്കാർ നെല്ലിന്റെ വർഷമായി പ്രഖ്യാപിച്ച് നൂറിന പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമേ നെൽകൃഷി വികസനത്തിനായി ഈ സർക്കാർ താഴെപ്പറയുന്ന വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.<br><br>**1.സുസ്ഥിര നെൽകൃഷി-**<br>2016-17 സാമ്പത്തിക വർഷത്തേക്കായി സമഗ്ര നെൽകൃഷി വികസന പദ്ധതി (സുസ്ഥിര നെൽകൃഷി വികസനം) പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചിലവിനായി 1500/- രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>**2.വികസന ഏജൻസികൾക്കുള്ള ഫണ്ട്-**<br>നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി |

നടപ്പിലാക്കുന്നു.

**3.പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുളള പ്രോൽസാഹനം-**

പ്രത്യേക നെല്ലിനങ്ങളായ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല രക്തശാലി, ബസ്മതി) എന്നിവയുടെ കൃഷി പ്രോൽസാഹനത്തിനായി ഹെക്ടറിന് 10000/- രൂപ സബ്സിഡി നിരക്കിൽ 1500 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

**4.പാടശേഖരസമിതികളുടെ പ്രവർത്തന ചിലവിനായുളള പദ്ധതി-**

പാടശേഖര സമിതികളുടെ സുഗമമായ പ്രവർത്തനത്തിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 450 ലക്ഷം രൂപ 1,25,000 ഹെക്ടർ പ്രദേശത്തേക്ക് പദ്ധതി നടപ്പിലാക്കിവരുന്നു.

**5.കരനെൽകൃഷി വികസനം-**

സംസ്ഥാനത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2560 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13600/- രൂപ സബ്സിഡി) ആകെ 348.16 ലക്ഷം രൂപ നൽകി പദ്ധതി നടപ്പിലാക്കി വരുന്നു.

**6.നെൽകൃഷി ഉല്പാദന ബോണസ് (നോൺ പ്ലാൻ)-**

നെൽ കർഷകർക്ക് ഉൽപാദന ബോണസായി ഹെക്ടറിന് 1000 രൂപ ഒരു സീസണിൽ എന്ന കണക്കിന് നൽകുന്നതിനായി 1243.44 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

**7.കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ)-**

നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റു വിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ചുവരുന്നു. 2016-17 വർഷം 3443 ലക്ഷം രൂപ ഇതിലേക്കായി അനുവദിക്കുകയുണ്ടായി.

| | | | |
|---|---|---|---|
| | | | **8. ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി (എൻ.എഫ്.എസ്.എം) -**<br>ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നതിനായി 243 ലക്ഷം രൂപ അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.<br>റാണികായൽ, മെത്രാൻ കായൽ, ആറന്മുള കായൽ എന്നിവിടങ്ങളിലെ നെൽകൃഷി പുനരുജ്ജീവനം, ഇതിനും പുറമെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരവും നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>നെൽകൃഷിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കരനെൽകൃഷി 5 വർഷം കൊണ്ട് ഒരു ലക്ഷം ഹെക്ടറായും വ്യാപിപ്പിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു. ഇതിനു പുറമ കൃഷിയോഗ്യമായ തരിശു ഭൂമികൾ മാപ്പിംഗ് നടത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (സി) | നെൽ കർഷകർക്ക് ഉല്പാദന ബോണസ് നൽകുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ; | (സി) | നിലവിൽ ഉല്പാദന ബോണസ് നൽകിവരുന്നുണ്ട്. 2016-2017 ലെ ഉല്പാദന ബോണസ് ജില്ലാ ആഫീസിൽ നിന്നും ബ്ലോക്ക് തല അസി.ഡയറക്ടർമാർക്ക് നല്കിയിട്ടുണ്ട്. |
| (ഡി) | വിള ഇൻഷ്വറൻസ് ലഭിക്കുന്നതിനുള്ള സൗകര്യം സുതാര്യമാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (ഡി) | നിലവിൽ വിള ഇൻഷ്വറൻസ് ലഭിക്കുന്നതിനുള്ള സൗകര്യം സുതാര്യമാണ്. |

സെക്ഷൻ ഓഫീസർ